**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3851** **06-08-2021 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നി ശല്യം സംബന്ധിച്ച ഹൈക്കോടതി വിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് ഹൈക്കോടതിയെ സമീപിച്ച രണ്ട് കർഷകർക്ക് അനുകൂലമായ വിധി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷിയിടങ്ങളിൽ ഇറങ്ങി, വിള നശിപ്പിക്കുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് കർഷകരെ അനുവദിക്കണമെന്നുള്ള ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ശ്രീ.കെ.വി.സെബാസ്റ്റ്യൻ ഉൾപ്പെടെ 6 പേർ ഫയൽ ചെയ്ത WP(C) No.21207/2020(A) ശ്രീ. തോമസ് തോമസ് ഉൾപ്പെടെ 6 പേർ ഫയൽ ചെയ്ത WP(C) No.12496/2021 (J) എന്നിവയിലെ 23.07.2021 ലെ സംയുക്ത ഇടക്കാല ഉത്തരവ് പ്രകാരം ടി കേസ്സുകളിലെ പെറ്റിഷണർമാർക്ക് (12 പേർ) ഒരു മാസത്തിനുള്ളിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ 1972 ലെ വന്യജീവി (സംരക്ഷണ) ആക്ടിലെ സെക്ഷൻ 11 (1) (b) പ്രകാരം ഇവരുടെ കൃഷിഭൂമി പ്രദേശത്ത് കാട്ടുപന്നികളെ വേട്ട നടത്തുന്നതിനുള്ള അനുമതി നൽകണമെന്ന് ബഹു. കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. |
| (ബി) | നിലവിൽ സർക്കാർ നൽകിവരുന്ന അനുമതിയിൽ നിന്ന് എന്ത് വ്യത്യാസമാണ് ഹൈക്കോടതി വിധിയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ സർക്കാർ നൽകിവരുന്ന അനുമതിയിൽ വിഷ പ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ, വനാതിർത്തിയിൽനിന്നും 2 കി.മീ. വരെയുള്ള ഭാഗത്ത് കുരുക്കിട്ട് പിടിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നികളെ നശിപ്പിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ഹൈക്കോടതിയുടെ 23.07.2021 ലെ ഇടക്കാല ഉത്തരവിൽ ഇപ്രകാരമുള്ള നിബന്ധന ഉൾപ്പെടുന്നില്ല. നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/ അസിസ്റ്റൻറ് വൈൽഡ് ലൈഫ് വാർഡൻ / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക്, പന്നികളെ നശിപ്പിക്കുന്നതിന് അനുമതി തേടിക്കൊണ്ട് സമർപ്പിക്കുന്ന അപേക്ഷകൾ 24 മണിക്കൂറിനകം തീർപ്പാക്കേണ്ടതാണ്. എന്നാൽ WP(C) No.21207/2020(A), WP(C) No.12496/2021 (J) |

| | | | |
|---|---|---|---|
| | | | എന്നീ കേസുകളിൽ 23.07.2021-ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ഈ കേസുകളിലെ പെറ്റീഷണർമാർക്ക് ഒരു മാസത്തിനുള്ളിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ സെക്ഷൻ 11 (1) (ബി) പ്രകാരം ഇവരുടെ കൃഷി ഭൂമി പ്രദേശത്ത് കാട്ടുപന്നികളെ വേട്ട നടത്തുന്നതിനുള്ള അനുമതി നൽകണമെന്നാണ് ഉത്തരവായിട്ടുള്ളത്. |
| (സി) | ഹൈക്കോടതി വിധി കൂടുതൽ കർഷകർക്ക് ബാധകമാക്കുന്ന കാര്യം പരിശോധിക്കുമോ; അറിയിക്കുമോ? | (സി) | ഹൈക്കോടതിയുടെ 23.07.2021 ലെ ഇടക്കാല ഉത്തരവ്, ടി കേസ്സുകളിലെ പെറ്റിഷണർമാരായ 12 പേർക്ക് മാത്രമുള്ളതാണ്. നിലവിലെ സർക്കാർ ഉത്തരവിൻ പ്രകാരം തന്നെ മനുഷ്യ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ 2 (16) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളത് പ്രകാരം വേട്ട നടത്തി നശിപ്പിക്കുവാൻ കർഷകർക്കും നടപടി സ്വീകരിക്കാവുന്നതാണ്. ഇതിനായി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ / അസിസ്റ്റൻറ് വൈൽഡ് ലൈഫ് വാർഡൻ / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് അപേക്ഷ സമർപ്പിക്കുന്ന എല്ലാ കർഷകർക്കും അനുമതി ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ